# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **T** . 433 | 19.10.2011-ൽ മറുപടിയ്ക്ക്

## ആസൂത്രണ കമ്മീഷന്റെ പുതിയ ദാരിദ്ര്യരേഖാ നിർണ്ണയ മാനദണ്ഡം

**ചോദ്യം**

ശ്രീമതി.കെ.കെ. ലതിക
ശ്രീ. ബി. സത്യൻ
ശ്രീ. ജെയിംസ് മാത്യു
ഡോ.ടി.എം. തോമസ് ഐസക്

**മറുപടി**

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ദരിദ്രരെ കണ്ടെത്താൻ ആസൂത്രണ കമ്മീഷൻ ഇപ്പോൾ അവലംബിച്ച മാനദണ്ഡം എന്താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ഔദ്യോഗികമായി ഇതു സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 1973-74-ൽ അന്നത്തെ കമ്പോള നിലവാരമനുസരിച്ച് പ്രതിദിനം ഗ്രാമപ്രദേശത്ത് 2400 കലോറി ഭക്ഷണത്തിനും നഗരപ്രദേശത്ത് 2100 കലോറി ഭക്ഷണത്തിനും ആവശ്യമുള്ള തുകയിലും കുറവ് വരുമാനമുള്ളവർ ദരിദ്രരാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന് ആനുപാതികമായ വരുമാനം ശാസ്ത്രീയമായി നിജപ്പെടുത്തി അതിനു താഴെ വരുമാനമുള്ളവരെ ദരിദ്രരായി കണക്കാക്കണമെന്നാണ് സർക്കാർ നിലപാട്. |
| (ബി) 25 രൂപയിലേറെ പ്രതിദിനം വരുമാനമുള്ളവർ ദരിദ്രരല്ലെന്ന കമ്മീഷൻ നിലപാടിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നുണ്ടോ ; | |
| (സി) 25 രൂപയിൽ കൂടുതൽ പ്രതിദിന വരുമാനമുള്ളവരെ ഒഴിവാക്കിയാൽ സംസ്ഥാനത്തെ ബി.പി.എൽ പട്ടികയിൽ നിന്നും എത്ര പേർ പുറത്താകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) ആസൂത്രണ കമ്മീഷന്റെ പ്രസ്തുത നിലപാട് പുന : പരിശോധിക്കാനും സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ് മൂലം പൻവലിക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ